
# RVSMHSS PRAYAR



LITTLE COMPACT 2020.

*DIGITAL MAGAZINE*

# R.V.S.M.H.S.S
# PRAYAR

Presents

# *Little compact*

e-magazine 2020



Vijayakumary.S
Little KITE Mistress

Sreeja. A
Little KITE Mistress

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന ഹൈസ്കൂൾ വിദ്യാർത്ഥികളുടെ IT കൂട്ടായ്മയാണ് Little KITES IT club .ഭാഷാ കമ്പ്യൂട്ടിങ് ,ഗ്രാഫിക്സ്, മൾട്ടിമീഡിയ, ഡോക്യുമെന്റേഷൻ, മൊബൈൽ ആപ്പ്, ഇന്റെർനെറ്റ്, ഹൈടെക് ഉപകരണങ്ങളുടെ ഉപയോഗ രീതിയും പരിപാലനവും, അനിമേഷൻ, സൈബർ സുരക്ഷ, ഗ്രാഫിക്സ്, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ് വെയർ, ഇലക്ട്രോണിക്സ് എന്നി മെഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം . വിവിധ ഘട്ടങ്ങളായി ഇവർക്ക് പരിശീലനം ലഭിച്ചു വരുന്നു. മികച്ച കഴിവുകളാണ് കുട്ടികൾ ഈ രംഗത്ത് പ്രകടിപ്പിക്കുന്നത്. ഇതിന്റെ തുടർച്ചയായി ഇപ്പോൾ പ്രദർശിപ്പിക്കുന്ന രണ്ടാമത്തെ e-മാഗസിൻ ഇവർ ആർജ്ജിച്ചെടുത്ത അറിവുകളുടെ ഒരു ചെറിയ പതിപ്പാണ്. ഇതിൽ കുറവുകളുണ്ടാവാം . ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാ കൈറ്റ് അംഗങ്ങളേയും അഭിനന്ദിക്കുന്നു. അതുപോലെ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിത്തന്ന മാനേജർ , ഡയറക്ടർബോർഡ് അംഗങ്ങൾ, ഞങ്ങൾക്കുവേണ്ട എല്ലാ സഹായസഹകരണവും നൽകിവരുന്ന ഹെഡ്മിസ്ട്രസ്, പ്രിൻസിപ്പാൾ എന്നിവരോടുള്ള നന്ദിയും കടപ്പാടും അറിയിച്ചുകൊണ്ട് ഈ Digital മാഗസിൻ സ്കൂളിനുവേണ്ടി സമർപ്പിക്കുന്നു.




കേരളത്തിലെ വിദ്യാലയങ്ങളിൽ ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസം വികസിപ്പിക്കുന്നതിൽ കൈറ്റ്സ് ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഇതിന് അനുസൃതമായി,നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് അതിന്റെ പങ്ക് നന്നായി  നിറവേറ്റുന്നു. ക്ലബ് അതിന്റെ ഡിജിറ്റൽ മാസികയുടെ രണ്ടാം പതിപ്പ് പുറത്തിറക്കുന്നുവെന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇപ്പോഴത്തെ യുവാക്കൾക്കും വിദ്യാർത്ഥികൾക്കും വായനാശീലം സാധാരണമല്ലെന്ന വിശ്വാസമുണ്ട്. പക്ഷ, എന്റെ അഭിപ്രായത്തിൽ, വായനാശീലം ഇപ്പോഴും ഉണ്ട്, പക്ഷേ വായനാ രീതി ഗണ്യമായി മാറി. ഡിജിറ്റൽ മാഗസിൻ പോലുള്ള സംരംഭങ്ങൾക്ക് ഈ സാഹചര്യത്തിൽ ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയും. നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികളിൽ മറഞ്ഞിരിക്കുന്ന കഴിവുകൾ വെളിപ്പെടുത്താൻ ഈ മാസികയ്ക്ക് കഴിയും. വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകളും താൽപര്യവും പ്രകടിപ്പിക്കുന്നതിനുള്ള ഒരു നല്ല വേദിയാണിത്. ഇതിൽ അധ്യാപകർ അവരെ പ്രോത്സാഹിപ്പിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഈ മാസികയ്ക്ക് സംസ്ഥാനത്തുടനീളമുള്ള സ്കൂളുകൾ തമ്മിലുള്ള ദൂരം കുറയ്ക്കാൻ കഴിയും. ഒരു സ്കൂളിലെ ഒരു വിദ്യാർത്ഥിയുടെ കഴിവ് എല്ലാ സ്കൂളുകളിലെയും വിദ്യാർത്ഥികൾക്ക് ദൃശ്യമാകും. സ്കൂൾ മാനേജ് മെന്റിന്റെ പേരിൽ എല്ലാ വിജയങ്ങളും ഞാൻ നേരുന്നു.

Prof.K.Krishnapillai
Manager




ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2019-20 ൽ തയ്യാറാക്കിയ ലിറ്റിൽ കോംമ്പാക്ട് എന്ന രണ്ടാമത്തെ digital മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ അംഗങ്ങൾക്കും സർവ്വ വിധമായ ഭാവുകങ്ങളും നേർന്നുകൊണ്ട് കൂടുതൽ നന്മക്കായി പ്രാർത്ഥിക്കുന്നു.

ജി . ജയശ്രീ.

ഹെഡ് മിസ്ട്രസ്സ്




അനന്തമായ കഴിവുകളുടെ ഉറവിടങ്ങളാണ് കുട്ടികൾ. കൗതുകങ്ങളിൽ തുടങ്ങി പരിശീലനത്തിലൂടെ പൂർണ്ണതയിലെത്താൻ ഇവർക്ക് സാധിക്കും. വായനയുടെയും എഴുത്തിന്റെയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെയും രംഗത്തേയ്ക്ക് കുട്ടികളെ കൈ പിടിച്ചുയർത്തുവാനുള്ള സ്കൂളിലെ Little KITES unit -ന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ ആശംസകളും നേരുന്നു.

പ്രിൻസിപ്പാൾ
എസ്. ഉണ്ണികൃഷ്ണൻ



പാഠ്യവിഷയങ്ങളിലെന്ന പോലെ പാഠ്യേതരവിഷയങ്ങളിലും കുട്ടികളുടെ കഴിവ് പ്രദർശിപ്പിക്കുന്നതിനുള്ള വേദിയായ ഈ സംരഭത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.

സ്റ്റാഫ് സെക്രട്ടറി
R. ASHA

# സന്ദേശം



പ്രയാർ ആർ.വി.എസ്സ് .എം.എച്ച്.എസ്സ്.എസ്സ് -ൽ 2018-ൽ ആരംഭിച്ച LittleKITEs യൂണിറ്റ് മികച്ച നിലയിൽ പ്രവർത്തിച്ചുവരുന്ന വിവരം PTA യ്ക്ക് ബോധ്യമുള്ളതാണ്. കാലഘട്ടത്തിനുസരിച്ച് ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം കുട്ടികളിൽ എത്തിക്കുന്നതിന് സർക്കാർ തുടക്കമിട്ട ഈ പദ്ധതി ആഭിനന്ദനാർഹമാണ്.ചുരുങ്ങിയ സമയം കൊണ്ട് ഈ സ്കൂളിലെ Little KITES -ലെ കുട്ടികൾ ആർജിച്ചെടുത്ത ഡിജിറ്റൽ രംഗത്തെ അറിവുകൾകൊണ്ട് ഒരു e-magazine തയാറാക്കുന്നതായി അറിയുവാൻ കഴിഞ്ഞു. ഇതിനുവേണ്ട നേതൃത്വംകൊടുത്ത അദ്ധ്യപകരേയും കുട്ടികളേയും ഒരുപോലെ അഭിനന്ദിക്കുന്നു. തുടർവർഷങ്ങളിൽ ഇതിലും മികച്ച സൃഷ്ടികൾ ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.


ഹരിമോഹൻ കുമാർ
പി.ടി.എ. പ്രസിഡന്റ്

# നാം പോകും വഴിയേ ...............


| | | |
|---|---|---|
| 1 | ഗാന്ധിജി പുനർജനിച്ചാൽ | 11 |
| 2 | Truth | 13 |
| 3 | My Dreams | 14 |
| 4 | A.P.J. Abdul Kalam | 15 |
| 5 | A Fairy | 16 |
| 6 | To My Mother | 17 |
| 7 | Mother Earth | 18 |
| 8 | Books | 19 |
| 9 | Daddy Fell Into The Pond | 20 |
| 10 | Friend | 21 |
| 11 | The Pain Of a Story Book | 22 |
| 12 | മഴ വന്നപ്പോൾ | 23 |
| 13 | ജവഹർലാൽ നെഹ്റു | 25 |
| 14 | Women Empowerment | 26 |
| 15 | Swami Vivekanada | 27 |

| | | |
|---|---|---|
| *16* | വെള്ളിലവള്ളി | *28* |
| *17* | *Bang the Drum* | *30* |
| *18* | ബിർബൽ കഥ | *31* |
| *19* | വിരൽ ഉമ്പ് ചലിച്ചപ്പോൾ | *33* |
| *20* | *My Mother* | *35* |
| *21* | *Song Of the Rain* | *36* |
| *22* | ഇന്നത്തെ വിദ്യാഭ്യാസത്തിന് ഒരു ആമുഖം | *37* |
| | | |
| | | |
| | | |
| | | |
| | | |
| | | |

# "ഗാന്ധിജി പുനർജനിച്ചാൽ"




ഗാന്ധിജി വീണ്ടും ഈ ഭൂമുഖത്തേക്ക്  വന്നാൽ ആദർശങ്ങളോട് എതിര് പ്രവർത്തിക്കുന്ന ഒരു വലിയജനവിഭാഗത്തെയായിരിക്കും കാണുന്നത്. ജാതി,മത,വർണ്ണ,വർഗ്ഗ ചിന്തകളുടെ പേരിൽ മല്ലടിക്കുന്ന,പരസ്പരം,കൊല്ലാൻ പോലും മടിക്കാത്ത ഇന്നത്തെ സമൂഹത്തെ ഗാന്ധിജി മനസ്സുകൊണ്ട് വെറുക്കും.മനുഷ്യൻ ഇന്ന് മൃഗതുല്യനെപ്പോലെ പെരുമാറുന്നു.ഗാന്ധിജിയെപ്പോലുള്ള മഹത് വ്യക്തികൾക്ക് ഇന്ന് ഈ ഭൂമുഖത്ത് സ്ഥാനമില്ല. കാരണം നല്ല,ചിന്തകളിൽനിന്നും,ചിന്താശേഷിയുള്ളവരെപ്പോലും ലോകം അകറ്റി നിർത്തുകയാണ് അഥവാ ആട്ടി അകറ്റുകയാണ്.

സമൂഹം,ഗാന്ധിയുടെ ആദർശങ്ങൾ എത്തിപ്പിടിക്കാൻ സാധിക്കാത്ത വിധം അകന്നുകഴിഞ്ഞു.നമുക്ക് ഓരോരുത്തർക്കും ഗാന്ധിജിയായി മനസ്സ കൊണ്ട് ആത്മാർത്ഥമായി ആ പാത പിൻപറ്റിയാൽ നന്മയുടെയും,വിശുദ്ധിയുടെയും,അഹിംസയുടെയും ധർമ്മത്തിന്റെയും ഒക്കെ പ്രതീകമാണ് ആ മഹത് വ്യക്തിത്വം.ഇന്നി വരുന്ന ഒരു പുതുതലമുറക്ക് വിശ്വസിക്കാൻ പ്രയാസമുള്ള വിശ്വരൂപമാണ്, ഗാന്ധിജി.

മറ്റുള്ളവരുടെ സന്തോഷത്തെ തന്റെ സന്തോഷമെന്നും, ദുഃഖത്തെ തന്റെ ദുഃഖമെന്നും, കരുതുന്ന ഗാന്ധിജിക്കു മുന്നിൽ സ്വാർത്ഥമായ പ്രതികരണങ്ങൾ നമ്മിൽ നിന്നും ഉണ്ടാകുമ്പോൾ കണ്ട് നിൽക്കാൻ സാധിക്കില്ല.ബ്രിട്ടീഷുകാർക്ക് മുന്നിൽ  സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയ ഗാന്ധിജി.സ്വന്തം രാജ്യത്തിലെ ജനങ്ങൾ പരസ്പരം ബ്രിട്ടീഷുകാരെക്കാളും ക്രൂരമായരീതിയിൽ പെരുമാറുമ്പോൾ ആ ഹൃദയം പിടയും,തന്റെ രാജ്യത്തിന്റെ,ജന്മനാടിന്റെ,അവസ്ഥയെ ഓർത്ത്.

മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുകയും, ജയിൽ വാസം അനുഭവിക്കുകയും,വീരമൃത്യു വരിക്കുകയും ചെയ്തു ഗാന്ധിജി.ആ മഹാത്മാവ് വെന്തുരുകാനായി എന്തിന് ഈ ഭൂമിയിൽ പുനർജനിക്കണം? ജനിച്ചാൽ തന്നെ ഓരോ നിമിഷവും ശ്വാസംമുട്ടും ഈ മണ്ണിൽ ഒരു പ്രതീക്ഷ എന്നും ഇന്നും നില നിൽക്കുന്നു.
ഒരു പക്ഷേ അത് സംഭവിച്ചാലോ?

ഗാന്ധിജി വന്നാൽ, ഭരണഘടന വിഭാവന ചെയ്യുന്ന അവകാശങ്ങൾ ന്യായമായി ലഭിക്കുമോ? ആ, പഴയ സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ സുവർണ്ണ കാലഘട്ടം തിരികെ വരുമോ? അങ്ങയെപ്പോലെ അങ്ങ് മാത്രമേ ഒള്ളൂ.തിരികെ വരിക പുനർജനിക്കുക.അങ്ങ് തിരികെ വന്നാൽ, മൂക സാക്ഷിയായി ഗാന്ധി പാർക്കിലും,രാജ്ഭവനിലും,നിയമനിർമ്മാണ സഭയിലും നിലകൊള്ളുന്ന ഗാന്ധി പ്രതിമകൾ അങ്ങയുടെ വരവ് കണ്ട് ചലിക്കാൻ കഴിയില്ലെങ്കിലും ആ കരിങ്കല്ലുകൾ ഒരു പക്ഷേ സന്തോഷിക്കുന്നുണ്ടായിരിക്കും.

ഒരു നവോത്ഥാനത്തിൽ അധിഷ്ഠിതമായ ഒരു ഭാരത്തിനു വേണ്ടി............അങ്ങനെയാവട്ടെ

അങ്ങനെ ആയിത്തീരട്ടെ
ജയ് ഭാരത്.....

# TRUTH




*Love truth, speak truth*
*many a worthy cause is impeded*
*by keeping silence.*
*Seek truth follow truth*
*to the end to the grave*
*Then you will never..........*
*to have sold your conscience*
*You are not a poor man*
*If you use your best talents*
*in being loyal to truth*
*stick to the truth*
*even when majority tampess with it*
*do not sell truth for god or office*
*of all bargains*
*mortgaging truth is the worst!*
*Falsehood won't*
*please many and please long.*

By Karthik

# My Dreams



*"Dreams is one of the likes beauty"*
*"We live ins dreamy world"*
*"Life is blank and ugly without dreams"*
*I am a small butterfly*
*I have many dreams*
*My dreams makes me adorn*
*My dreams have wonderful colours*
*I dreamt to fly up through the sky,*
*Blue sky and through the rainbows*
*and through the huge mountains and valleys*
*My dreams made me to live in hops and faith*
*Everybody in this world have dreams,*
*The dreams through which all their*
*wish can be achieved*
*Dreams are the life beauty*
*Life is ugly without dreams.*

*By Bilahari*

# ***A.P.J.ABDUL KALAM....!***



Dr. A.P.J.Abdul Kalam whose full name is Avul Pakir Jainulabdeen Abdul Ka lam is an innovator and visionary of India. He was a noble person. He was a notable engineer who went to became president of India and very popular as the people's president.

Dr. Kalam who was born in a middle class family in Rameshwaram in 1931 and graduated from Madras Institute of Technology. Majauring in Aeronauticul Engineering.He,as a project director,Macls significiant contributions to the development of India's first Indigenous Satelite Launch Vehicle. SLVIII.

He,as Cheif Executive of Integrated Guided Missile Development Programme IGMDP also played majour part in developing many missile of India Including Agni and Prithvi. He was also known as "**MISSILE MAN OF INDIA**"

By Archa S

# A Fairy



Over hill, Over dale
Thorough bush, Thorough brier,
Over park, Over pale,
Thorough flood, Thorough fire
I do wander every where,
Swifter than the moon’s sphere;
And I serve the fairy queen;
To dew her orbs upon the green;

The cowslips.I all her pensioners be;
In their gold coats spots you see;
Those be rubies, fairy favours;
In those freckless live their savours;
I must go seek some dewdrops here;
And hang a pearl in every cowslips ear.

By Willam Shakespeare

# To My Mother...!



To day’s your nataldday
Sweet flowers I bring;
Mother,accept,I pray,
My offering.

And may you happy live,
And long us bless;
Receiving as you give
Great happiness...

By Bhagya K

# MOTHER EARTH




Dazzling uncle moon
Admist the cousin star
make my mother earth
more wonderful than
Her neighbours
Oh mother ! Jupiter may
Be bigger
venus can be beautiful
saturn may have precious
Ring round
But nor are they alive
Never can be reassuring
THANK GOD ! I am here in
My mother’s lap

By

Eihsan.A

# ***BOOKS***



*What worlds of wonder are our books!*
*As one opens then and look,*
*New ideas and people rise*
*In our fancies and our eyes.*

*The room we said in metals away*
*And we find ourselves at play*
*with some one who before the ends*
*May become our chosen friend.*

By
Karthik

# Daddy fell into the Pond

Every one grumbled. The sky was grey.
We were nothing to do and nothing to say.
We were nearing the end of a decimal day,
And there seemed to be nothing beyond,
THEN
Daddy feel into the pond!
Any everyone's face grew merry are bright
Daddy fell into the pond!

By Adithyan. K

# Friend




Holding of hands
Sharing of heart
Loving of mind
Make faith in friend
Strength of love
Weak of hate
Strength of patience
Weak of anger
Makes of friend true
Birth of smile
Death of doubt
Birth of happiness
Death of sorrow
Win the friend
My Mother
World's favourite sound mother.
Loving and caring
Living for others.

By
Karthik

# The pain of a story Book



I am a book of short stories
children love to read me;
but those were the olden memories
now they turn their head away from me.

I remember my journey through
the press, library and book stall; but now i am
in a narrow shelf, in a dark hall.

Elders of the house never mind
me. It may be because I am too simple; The
children for whom I was made never mind my scruples.

By
Abhinav.B

# മഴ വന്നപ്പോൾ

പൂർവ്വദിങ്മുഖത്തിതാ

ദിഗംഭം ഭേദിക്കുന്ന

ഘോരമാം ഇടിയൊലി

മിന്നലും തകർക്കുന്ന

ഭീകരം പൂണ്ടോരുള്ള

തെന്നലിൻ ഗർജ്ജനവും

വാരിയടിക്കാൻതരം

പാർത്തങ്ങുപറക്കുന്ന

ഒടിഞ്ഞുനശിക്കുന്ന

വൃക്ഷത്തിൻ തലപ്പുകൾ

കൊഴിഞ്ഞുവീണിടുന്ന

മാമ്പഴക്കൂട്ടങ്ങളും

പെറുക്കാനോടുന്നോരാ-

കുസൃതിക്കുരുന്നുകൾ

പെറുക്കിനിറക്കുന്ന മുണ്ടിലും പോക്കറ്റിലും

ആരവം കൂട്ടുന്നവർ

ആമാവിൻ ചോട്ടിൽനിന്നും

ആഹ്ലാദത്തിമിർപ്പുമായ്

വന്നിതാമാമ്പഴക്കാലം

ദാഹിച്ചുവരണ്ടുള്ള
ഭൂമിയും പൊടിർപ്പതും
ദാഹാർത്തി പൂണ്ടുനിൽക്കും
വൻമരക്കൂട്ടങ്ങളും
കുറഞ്ഞും കാറ്റല്പമായ്
പെയ്തൊരു മഴയുടൻ
നൃത്തനം തുടങ്ങുന്ന
കമുകം,തെങ്ങും,മാവും
മറ്റുള്ളമരങ്ങളും
തലയും കുമ്പിട്ടങ്ങ്
നിൽക്കുന്ന ചാരിതാർത്ഥ്യാൽ
വിയർത്തുതളർന്നോരോ
മാനുഷസമൂഹവും
തളിർത്തുവരാൻ കൊതി-
ച്ചീടുന്ന വിത്തുകളും
ഉണർത്തുപാട്ടും പാടി
തകക്കുംമണ്ഡൂകങ്ങൾ
പുറത്തുവരാൻ കാലം
പാർത്തീടും ശലഭങ്ങൾ

# <u>ജവഹർലാൽ നെഹ്റു</u>

[1]

*1889 നവംബർ 14-ന് അലഹാബാദിൽ ജനിച്ചു. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി പോരാടിയ മഹത്  വ്യക്തികളിൽ ഒരാൾ. പതിഞ്ചാം വയസ്സിൽ വിദ്യാഭ്യാസം നേടുന്നതിനായി ഇംഗ്ലണ്ടിലേക്കു പോയി.1912 ൽ ഇന്ത്യയിൽ തിരിച്ചെത്തി. സ്വാതന്ത്ര്യ സമരത്തിനു നേതൃത്വം നൽകി. പല പ്രാവിശ്യം ജയിലിൽ കിടക്കേണ്ടി വന്നു. ഇന്ത്യയെ കണ്ടെത്തൽ, ഒരച്ഛൻ മകൾക്ക് അയച്ച കത്തുകൾ തുടങ്ങിയവ പ്രധാന കൃതികൾ. 1964 ന് ലോകത്തോട് വിടപറഞ്ഞു.*

By Bilahari.P

1

# WOMEN EMPOWERMENT....!

*Each year we celebrate International Women's day on March 8th with determination to commemorate the achievements of women and to knowledge the special status they deserve in the society. The significant question is what difference has it to the position of women?*

*Thought women have progressed in a no of sphere. Yet looking from wider perspective situation remains grim. Reflecting on UNESCO'S medium term strategy 2008 - 2013 gender equality has been assigned as the organisation global priority. Astonishingly, two third of the 744 million adults in the world who cannot read is women.*

*Many initiatives by NGO'S like Jan Chetna March, Women development organisation and many other's have been taken to improve this condition. But all in vain.*
*To conclude, still a vast number of women do not have their own life choices and speaking locally, nationally or globally empowerment is still in its growing year's.*

*By Akshay s*

# *SWAMI VIVEKANADA...!*



*National Youth Day is celebrated on 12 January being the birthday of SWAMI VIVEKANADA. In 1984 the Governments of India declared this day as National Youth Day and since from 1985 the event is celebrated in India every year.*

*It was a decision of Government of India taken in 1984 to celebrate the birthday of great SWAMI VIVEKANADA,12 January as National Youth Day every year. The Government of India quoted that The philosophy Of Swamji and the ideals for which he lived and worked could be a great source of inspiration for the Indian Youth Day.*

*By Archa*

# വെള്ളിലവള്ളി

വൈലോപ്പിള്ളി ശ്രീധരമേനോൻ

കമ്മലിനൊക്കും പൂവുകൾ, ചാരേ
നിർമ്മലവെള്ളപ്പട്ടിലകൾ,
ചില്ലകൾതോറും നൂറുകണക്കിനു
നല്ല പതുത്തൊരു പച്ചില്ലകൾ,
വെള്ളിലവള്ളിയിതെല്ലാം ചാർത്തി-
ത്തുള്ളിരസിച്ചുതിമിർക്കുമ്പോൾ
ഉള്ളിലസൂയപ്പെട്ടു വാടി-
ക്കുള്ളിലനേകം പൂച്ചെടികൾ

മന്ദമണഞ്ഞു വനികയിലേയ്ക്കൊരു
സുന്ദരിയാം ചെറുപൂമ്പാറ്റ,
ചേതോഹരമായ് വായുവിൽ നീന്തിട്-
മേതോ ദേവതയെന്നോണം,
മന്നിതിലേക്കു വിരുന്നുവരുന്നൊരു
മഴവില്ലിന്മകളെന്നോണം
'വരികെ'ന്നവളെ വിളിച്ചു, വീശും
ചെറുചില്ലകളാൽ പൂച്ചെടികൾ.

അവളോ, വെള്ളിലവള്ളിയിലത്രേ

അതിലോലം ചെറുകാലൂന്നി.

പുളകം പൂണ്ടു വെള്ളിലവല്ലരി:

“പുണ്യത്താലിതു കൈവന്നൂ"

പവിഴച്ചുണ്ടിൽ ചുംബിച്ചൂട്ടീ-

യവളെത്തേനും പൂംപൊടിയും

വെള്ളിലവള്ളിക്കേതു കൊടുക്കിലു-

മുള്ളിൽ തൃപ്തി വരുന്നില.

മരതകവർണപ്പച്ചിലതോറും

പരതീ പിന്നെപ്പൂമ്പാറ്റ.

മുത്തുകൾപോലിലകൾക്കിടയിൽ ചെറു-

മുട്ടകളിട്ടു പൂമ്പാറ്റ.

ആയിലകൾക്കടിഭാഗം മുട്ടക-

ളായിരമായിരമായപ്പോൾ

ചിറകു വിരുത്തി 'റ്റാറ്റാ' കാട്ടി

ചിക്കെന്നവൾ പോയ് മറവായീ

# ***BANG THE DRUM***

You and I
Together we reach from the sky,
It’s not about winning
It’s all about playing the game,
From the east
From the west
each of us trying our best
chasing a dream
burning to follow the flame
Bang the drum a little louder
so the whole world can hear
the whole world can hear
sing a song a little louder
so the whole world can hear
the whole world can hear

From near,
From far,
It’s clear wherever you are
this is your moment
your time to run like the wind
Dream big,
Aim high,
Even believe you can fly
give it your all
Let the game begin
Bang the drum!

# ബിർബൽ കഥ

## സ്വപ്നത്തിലെ കടം

*ധനികനായ കനകറാമും*

*ദരിദ്രനായ ചമൽലാലും അയൽക്കാരാണ്.*

*ഒരുനാൾ ചമൽലാലും ഒരു സ്വപ്നം കണ്ടു.കനകറാമിൽ നിന്നും നൂറ്*
*സ്വർണനാണയങ്ങൾ കടം വാങ്ങുന്നതും നല്ല*
*ഭക്ഷണം കഴിച്ച് സുഖമായിരിക്കുന്നതുമായിരുന്ന*
*സ്വപ്നം.ശുദ്ധഗതിക്കാരനായ ചമൽലാൽ ഈ വിവരം കനകറാമിനെ*
*കണ്ടപ്പോൾ അറിയിക്കുകയുണ്ടായി.എങ്കിൽ തിരിച്ചു തന്നേക്ക് എല്ലാം*
*കേട്ടുകഴിഞ്ഞപ്പോൾ കനകറാം ഗൗരവത്തിൽ അറിയിച്ചു ഞാൻ*
*സ്വപ്നത്തിലായാലും കടം വാങ്ങിച്ചത് ചമൽലാൽ മിഴിച്ചു നിന്നുപോയി*
*സ്വപ്നത്തിലായാലും കടം തന്നെയാണ്.അത് തിരിച്ചു തന്നെ മതിയാവൂ*
*കനകറാം തറപ്പിച്ചു*
*പറഞ്ഞു പ്രശ്നം അക്ബർ ചക്രവർത്തി ബിർബലിനെയാണ്*
*ചുമതലപ്പെടുത്തിയത് ബിർബൽ നൂറു സ്വർണ്ണനാണയങ്ങളും ഒരു*
*കണ്ണാടിയും കൊണ്ടുവരാൻ ആവശ്യപ്പെട്ടു കനകറാമിനെ വിളിച്ചുവരുത്തി*
*കണ്ണാടിക്കു മുന്നിൽ സ്വർണ്ണനാണയങ്ങൾ എടുത്തുകൊള്ളാൻ*
*കനകറാമിനൊട് ആവശ്യപ്പെട്ടു അത് എങ്ങനെ പറ്റും?*
*കനകറാം ചോദിച്ചു സ്വപ്നത്തിലെ കടം വീട്ടാൻ കണ്ണാടിയിലെ പണം*
*മതിയാകും.*

ബിർബൽ പറഞ്ഞു "കനകറാം തന്റെ അപരാധത്തിനു മാപ്പ്

തരുന്നു. നിങ്ങൾ നൂറു സ്വർണ്ണനാണയം ഈ പാവത്തിനു നൽകണം

അതാണ് നിങ്ങളുടെ ശിക്ഷ ബീർബൽ കൽപ്പിച്ചു. ചക്രവർത്തി ഉൾപ്പെടെ സദസ്സിലുള്ള എല്ലാവരും പുകഴ്ത്തി ഈ കഥയിൽ നിന്ന് കനകറാമിന് ഒരു കാര്യം മനസ്സിലായി മറ്റുള്ളവരുടെ സ്വത്ത് കണ്ട് ആരും

മോഹിക്കരുത്. ബീർബൽ പറഞ്ഞ കാര്യം കനകറാം ചെയ്തു. ചമൽലാലിന്

നൂറു സ്വർണ്ണനാണയം കൊടുക്കുകയും ചെയ്തു.

സമർപ്പണം


അമൃത ചന്ദ്രൻ

# വിരൽ തുമ്പ് ചലിച്ചപ്പോൾ











by
Jithu jayakumar


Abbi Raj





Class: VI C


Shaharaba


Abbi Raj. R


VI-F



# MY MOTHER




Helping for my family,
The role model for me.
Loving for their kids,
My Mother.
She is very kind,
She is very Lovely,
She is best for me
**MY MOTHER**

By Bhagya K

# Song of the Rain

**I am dotted silver threds dropped from heaven**
**By the Gods.Nature then takes me to adorn**
**Here felids and valleys.**

**I am a beautiful pearls,plucked from the**
**crown of Istar by the daughter of drawn**
**To embellish the gardens.**

**When I cry the hills laugh;**
**When I humble myself the flowers rejoice;**
**When I bow,all things are elated.**

**The feild and the cloud are lovers.**
**And between them I am a messenger of mercy**
**I quench the thirst one;**
**I cure the of the other.**

**By Karthik.A**

# ഇന്നത്തെ വിദ്യാഭ്യാസത്തിന്

## ഒരു ആമുഖം







*കേരളത്തിന്റെ സാമൂഹ്യപരിവർത്തനത്തിന് നിദാനമായി വർത്തിച്ച വിദ്യാഭ്യാസത്തെ ചരിത്രപരമായി പരിശോധിക്കാനാണ് ഡോ. പി. എസ്. ശ്രീകല ' കേരളത്തിലെ വിദ്യാഭ്യാസം - ചരിത്രവും പശ്ചാത്തലവും' എന്ന പുസ്തകത്തിൽ ശ്രമിച്ചിട്ടുള്ളത്. വിവിധ വിദ്യാഭ്യാസ ദർശനങ്ങളുടെ ഒരു ലഘുവിവരണത്തോടൊപ്പം ഇന്ത്യൻ വിദ്യാഭ്യാസചിത്രത്തിന്റെ പശ്ചാത്തലത്തിൽ കേരളവിദ്യാഭ്യാസചരിത്രത്തെ നിർണയിക്കുകയും നിയന്ത്രിക്കുകയും വിദ്യാഭ്യാസത്തിന്റെ പ്രത്യയശാസ്ത്ര നിലപാടുകൾ വെള്ളിപ്പെടുത്തുകയും ചെയ്യുന്ന തരത്തിലുള്ള അന്വേഷണമാണ് ഇവിടെ നടത്തിയിട്ടുള്ളത്.*

*വിദ്യഭ്യാസത്തിന്റെ ലക്ഷ്യം സ്നേഹവും സൗന്ദര്യവും എന്തെന്ന് നമ്മെ പഠിപ്പിച്ചു തരലാണ്. വിദ്യാഭ്യാസം സൈദ്ധാന്തിക തലത്തിൽ ഒതുങ്ങി നിൽക്കേണ്ട ഒന്നല്ല. അതിനെ പ്രയോഗവൽക്കരിക്കുമ്പോഴാണ് വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം പൂർണമാകുന്നത്. വളരെ പ്രാചീനമായ ഒരു സാംസ്കാരിക പാരമ്പര്യം നമുക്കുണ്ട്. വിദ്യാഭ്യാസരംഗത്ത് നിലനിരുന്ന ബ്രാഹ്മണ മേധാവിത്വത്തെ ഇല്ലാതാക്കി അതിനെ ജനകീയമാക്കാൻ ശ്രമിച്ചു എന്നത്താണ് ബുദ്ധമതം വിദ്യാഭ്യാസരംഗത്ത്*

വരുത്തിയ പ്രധാന പരിവർത്തനം. വിജ്ഞാനത്തിന്റെ വലിയൊരു ശേഖരം അതേവരെ ഭാരതത്തിന് സ്വന്തമായുണ്ടായിരുന്നെങ്കിലും ജനതയിൽ ബഹുഭൂരിപക്ഷത്തിനും അതിൽ അവകാശം ഉണ്ടായിരുന്നില്ല. വേദകാലത്ത് സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിൽ പുരുഷനു തുല്യമായ സ്വാതന്ത്ര്യം ഉണ്ടായിരുന്നു എന്ന വാദത്തെ സൂക്ഷ്മമായി വിശകലനം ചെയ്യുമ്പോൾ ബോധ്യമാകുന്നത് രണ്ടാൾക്കും നൽകിയിരുന്ന വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഒന്നായിരുന്നില്ല എന്നാണ്. പുരുഷ്യന്മാരുടെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ആത്മാന്വേഷണവും ആത്മവിമോചനവുമായിരുന്നെങ്കിൽ സ്ത്രീകൾക്ക് വിദ്യാഭ്യാസം നല്ല കുടുംബിനികളും കുലീനരും ആകുവാനുള്ള പരിശീലനം എന്ന നിലയിൽ ആയിരുന്നു. വൈദിക കാലത്ത് ബ്രാഹ്മണർക്കായിരുന്നു മുൻഗണന. അറിവിന്റെ  അധികാരികൾ എന്ന നിലയിൽ അവർ പ്രവർത്തിച്ചു. ബുദ്ധമതം ഈ അധിശത്വത്തെ ചോദ്യം ചെയ്തുകൊണ്ടാണ് രൂപപ്പെട്ടതെങ്കിലും വിദ്യാഭ്യാസത്തെ ജനകീയമാക്കുവാനുള്ള അവരുടെ ശ്രമങ്ങൾ പൂർണമായും വിജയിച്ചില്ല.

1490 – ൽ കച്ചവട സംബന്ധമായി കേരളത്തിൽ എത്തിയ വാസ്കോഡഗാമയുടെ  സന്ദർശനത്തെ തുടർന്ന് ഇന്ത്യയിൽ സംഭവിച്ച സാമൂഹിക-സാംസ്കാരിക രാഷ്ട്രീയ പരിവർത്തനങ്ങളുടെ ഭാഗമാണ് ഇവിടുത്തെ വിദ്യാഭ്യാസ സമ്പ്രദായങ്ങളുടെ ആധുനീകരണം. ശാസ്ത്രീയ ചിന്തയുടെയും യുക്തിബോധത്തിന്റെയും ഒരു നവ ഇന്ത്യൻ ബുദ്ധിജീവികൾക്ക് മുന്നിൽ ആധുനിക വിദ്യാഭ്യാസത്തിനു കഴിഞ്ഞു. വിദേശ്യ രാജ്യങ്ങളിലെ സാംസ്കാരികവും ശാസ്ത്രസാങ്കേതികവും മേന്മകളും ഉൾക്കൊള്ളുവാനും സ്വന്തം നാടിന്റെ അഭിമാനത്യ്ക്ക് അനുയോജ്യമായ വിധത്തിൽ അതിനെ ഉപയോഗിക്കുവാനും ഇന്ത്യക്കാർ ശ്രമിച്ചു. ഇന്ത്യയുടെ അതുവരെ നിലനിന്ന വർദ്ധനവും സാംസാകാരവുമാകെ നശിപ്പിക്കുകയായിരുന്നു നവീന വിദ്യാഭ്യാസത്തിലൂടെ ബ്രിട്ടീഷുകാർ ഉദ്ദേശിച്ചത്. എന്നാൽ അവരുടെ ഉദ്ദേശ്യത്തിന് വിരുദ്ധമായി ഒരു നവ ഉന്മേഷത്തിലേക്കാണ് അത് ഇന്ത്യയെ നയിച്ചത് എന്ന് വിലയിരുത്തപ്പെടുന്നു .

സ്വാതന്ത്ര്യത്തിന് ശേഷമുള്ള ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള വിഷ്ദമായ വിശകലനം പ്രശംസ്നീയമാണ് സ്വതന്ത്രഭാരത്തിൽ നിരവധി വെല്ലവിളികളെ നേരിടേണ്ടി വന്ന അധ്വാനത്തോട് വിമുഖതയും ദേശീയ ബോധത്തിന്റെ അഭാവവും മാതൃഭാഷയോടുള്ള അവഗണനയും മറ്റും ബ്രിട്ടീഷ് വിദ്യാഭ്യാസ പദ്ധതിയുടെ പ്രത്യയതകളായി ലേഖിക ചൂണ്ടിക്കാണിക്കുന്നു.

ലൊകചരിത്രത്തിന്റെ ആദ്യകാലത്തു തന്നെകേരളം സാംസ്കാരിക സമ്പന്നമായൊരു പ്രദേശം എന്ന നിലയിൽ അറിയപ്പെട്ടിരുന്നു എന്നതിന് വ്യക്തത നൽകുന്ന വിവരണങ്ങൾ 'കേരളത്തിലെ വിദ്യാഭ്യാസം ചരിത്രപശ്ചാത്തലം' എന്ന അധ്യായത്തിൽ നൽകുന്നു. പാശ്ചാത്യ വിദ്യാഭ്യാസ രീതി, മിഷനറി സംഘങ്ങളുടെ പ്രവർത്തനം കേരളത്തിലെ നവോത്ഥാന പ്രവർത്തനങ്ങളും വിദ്യാഭ്യാസവും വസ്തിഷ്ഠവുമായ വിശകലനങ്ങൾ തുടങ്ങിയവ പ്രസ്തുത അധ്യായത്തിൽ പ്രതിപദിക്കുന്നു. 1957 ഏപ്രിൽ 5 ന് ഇ.എം.എസ്.നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന സർക്കാർ രൂപീകരിച്ച നയങ്ങളും നടപ്പിലാക്കിയ പദ്ധതികളും കഴിഞ്ഞ 53 വർഷത്തെ കേരളത്തിന്റെ ഗതി നിർണയിച്ച സുപ്രധാന ഘടകങ്ങളാണ്. ഇന്ന് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ മുന്നിൽ കേരളത്തിന്റെ സ്ഥാനം ഉറപ്പിക്കുന്ന ആരോഗ്യം,തൊഴിൽ,സംസ്കാരം,വിദ്യാഭ്യാസം എന്നീ മേഖലകളിലെ മുന്നേറ്റത്തിന് നിദാനമായി വർത്തിച്ചത് 1957-ലെ സർക്കാർ കൈക്കൊണ്ട നടപടികളാണ് എന്നത് അനിഷേധ്യമായ വസ്തുതയാണ്.

സമൂഹത്തിൽ ആധിപത്യം വഹിക്കുന്ന വർഗത്തിന്റെ ആശയങ്ങൾ തന്നെയാണ് ആ സമൂഹത്തിൽ ആധിപത്യം വഹിക്കുന്ന ആശയങ്ങൾ എന്ന മാർക്സിയൻ വീക്ഷണത്തിന് അടിവരയിടുന്നതാണ് കേരളത്തിലെ വിദ്യാഭ്യാസ ചരിത്രം. വിദ്യാഭ്യാസ പുരോഗതിയ്ക്ക് വിവിധ സർക്കാരുകൾ നടപ്പിലാക്കിയ നീയമങ്ങളെക്കുറിച്ചുള്ള സുപ്രധാനമായ വിലയിരുത്തലുകളും പ്രസ്തുത ഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാഹിത്യക്കാരനും വിദ്യാഭ്യാസ ചിന്തകനുമായിരുന്ന ജോസഫ് മുണ്ടശ്ശേരി

കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലെ ജീർണതയ്ക്ക് നേരെ ഉയർത്തിയ മാറ്റത്തിന്റെ ആഹ്വാനമായിരുന്നു 1957-ലെ വിദ്യാഭ്യാസബിൽ, കേരളത്തിന്റെ സ്കൂൾ വിദ്യാഭ്യാസരംഗത്തും ഉന്നത വിദ്യാഭ്യാസരംഗത്തും വരുത്തിയ കാതലായ മാറ്റങ്ങളെക്കുറിച്ചും പരിമിതികളെക്കുറിച്ചുമുള്ള വിലയിരുത്തലുകൾ ശ്രദ്ധേയമാണ്.

ആഗോളവൽക്കരണത്തിന്റെ സ്വാധീനത്തെക്കുറിച്ച് വിശദമായ പല നിഗമനങ്ങളും വസ്തുയിഷ്ഠമായി അവതരിപ്പിക്കുവാൻ ലേഖികയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ വളർച്ചയെ താരിയപ്പെടുത്തിയ സാഹചര്യങ്ങളെ ചരിത്രപരമായി പരിശോധിയ്ക്കുന്ന കൃതിയാണ് ഇത്. ആത്യന്തികമായി മാനവിക വിമോചനമാണ് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനലക്ഷ്യം. കേരളീയ നവോത്ഥാനത്തിന്റെ ചാലകശക്തികളിൽ പ്രധാനം വിദ്യാഭ്യാസം തന്നെയാണ്. സാമൂഹിക പരിവർത്തനത്തിന് വിദ്യാഭ്യാസം ചെലുത്തിയിട്ടുള്ള സ്വാധീനം അനുപമമാണ്. വിവിധ മേഖലകളിൽ കേരളം ആർജിച്ച നേട്ടങ്ങൾക്ക് പിന്നിലെ ചാലകശക്തിയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസവും സാമൂഹികനീതിയും തമ്മിൽ അപകടകരമാം വിധം വിടവ് വരുന്ന വർത്തമാന കാലത്ത് ഇത്തരത്തിലുള്ള പുസ്തകങ്ങൾ ആശാവഹമാണ്.

ഡോ.രശ്മി
ആർ.വി.എസ്.എം,പ്രയാർ

# ഞങ്ങളുടെ രണ്ടാമത്തെ Digital Magazine ഈ വിദ്യാലയത്തിനായി സമർപ്പിക്കുന്നു

